**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. ഇബ്രാഹിമിൽ നിന്നും നഷ്ടത്തുക ഈടാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2018/തസ്വഭവ                തീയതി, തിരുവനന്തപുരം, 18.04.2018

================================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.12.2012-ലെ ഇ 11(വിഇ 10/2011/ഡബ്ല്യു വൈ ടി/29727/2011 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 05.03.2013-ലെ 17024/ഡി1/2012/വിജി. നമ്പർ കത്ത്

3. പഞ്ചായത്ത് ഡയറക്ടറുടെ 06.04.2016-ലെ ഡി1-12447/2011 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകളും വീഴ്ചകളും ഉണ്ടായി എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ മുൻ സെക്രട്ടറി ശ്രീ. പി. ഇബ്രാഹിമിൽ നിന്നും, കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അക്രഡിറ്റഡ് ഓവർസിയർ ശ്രീ.ജോബിൻ ബെർണാഡിൽ നിന്നും അനാവശ്യമായ പൈപ്പ് വാങ്ങിയ ഇനത്തിൽ ഉണ്ടായ നഷ്ടത്തുകയായ 1,13,220/- രൂപ തുല്യമായി ഈടാക്കുവാനും വകുപ്പുതല നടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്യുകയുണ്ടായി. ആയതു പ്രകാരം നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിച്ചു വരവെ, തന്റെ ഭാഗമൊന്നും കേൾക്കാതെയാണ് തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതെന്നും, തുക ഈടാക്കുന്നതിന് ആസ്പദമായ കാര്യങ്ങൾ യഥാർത്ഥത്തിൽ വസ്തുതാപരമല്ലായെന്നും ടിയാന് നേരിൽ കേൾക്കാൻ അവസരം നൽകണമെന്നും അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഇബ്രാഹിമിനെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ടിയാൻ സമർപ്പിച്ച നിവേദനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

പർച്ചേസിംഗ് കമ്മിറ്റി ശുപാർശകൾ 21.02.2009-ന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 22/09 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും എസ്റ്റിമേറ്റ് പ്രകാരമുള്ള RCC പൈപ്പുകൾ റെയ്ഡ്കോയുടെ കല്പറ്റ ശാഖയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനമെടുത്തതായും കാണുന്നുവെന്നും പൈപ്പുകൾ വാങ്ങി ഉപയോഗിക്കുന്നതിനുള്ള പ്രവർത്തി ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളുടെ അഭാവം, സപ്ലൈ ചെയ്തതായി പറയപ്പെടുന്ന പൈപ്പുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്ററിൽ 14,15 പേജുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സ്റ്റോക്ക് റസീപ്റ്റ് & ഇഷ്യൂ ഡീറ്റയിൽസ് പ്രകാരവും സൂചിപ്പിച്ചിട്ടുള്ള റോഡ് പ്രവർത്തികളിൽ ഇവ ഉപയോഗിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖപ്പെടുത്തലുകൾ എം.ബുക്കിലൊ ബില്ലുകളിലൊ കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ വാങ്ങിയ പൈപ്പുകൾ ഉപയോഗിച്ചിട്ടുണ്ടെന്ന വാദം തെളിയിക്കപ്പെട്ടിട്ടില്ലെന്നും

സെക്രട്ടറി നേരിട്ട് നല്കിയ മൊഴിയിൽ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടുള്ള ഇഷ്യൂ ഡീറ്റയിൽസ് പൈപ്പുകൾ അതാത് റോഡിൽ ഉപയോഗിക്കുന്നതിനായി വിവിധ റോഡുകളിൽ വിതരണം ചെയ്ത കണക്കുകൾ ആണെന്ന് സമ്മതിക്കുകയുണ്ടായിയെന്നും ഇപ്രകാരം പൈപ്പുകളുടെ ആവശ്യകത, അളവ്, തരം എന്നിവ സംബന്ധിച്ച് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്തുകയും പർച്ചേയ്സ് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കുകയോ ചെയ്യാതെയാണ് റെയ്ഡ്കൊയിൽ നിന്ന് പൈപ്പുകൾ വാങ്ങിയത് എന്ന് വ്യക്തമാണെന്നും ആകെ 9,03,213/- രൂപ പൈപ്പുകളുടെ വിലയായി നല്കിയിട്ടുണ്ടെന്നും ഇപ്രകാരം പൈപ്പുകൾ വാങ്ങുകയും അവ അതാത് സ്ഥലങ്ങളിൽ സ്ഥാപിക്കുകയും ചെയ്യുന്നതിന് അനാസ്ഥ സംഭവിച്ചിട്ടുണ്ടെന്നും ഈ പ്രോജക്ടിന്റെ പ്രാരംഭം മുതൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് തീരുമാനം എടുത്ത പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, സാങ്കേതിക ഉപദേശം നല്കേണ്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ഇക്കാര്യത്തിൽ തുല്യമായ ഉത്തരവാദിത്വം ഉള്ള സാഹചര്യത്തിൽ പാഴ്ചെലവിലൂടെ സംഭവിച്ച നഷ്ടം ഇവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാകും ഉചിതമായ നടപടിയെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാധന സാമഗ്രികൾ വാങ്ങുന്നതിലും അനുബന്ധമായുണ്ടാകുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും 7 അംഗങ്ങളടങ്ങുന്ന കമ്മിറ്റി രൂപികരിച്ചു കൊണ്ട് ഭരണ സമിതി തീരുമാനം കൈകൊണ്ടിട്ടുണ്ടായിരുന്നു. ഈ കമ്മിറ്റി യഥാവിധി പ്രവൃത്തിച്ചിരുന്നുവെങ്കിൽ മേൽ പ്രകാരമുള്ള നഷ്ടം സംഭവിക്കുകയില്ലായിരുന്നു. ഈ സാഹചര്യത്തിൽ അനാവശ്യമായി പൈപ്പ് വാങ്ങിയ ഇനത്തിൽ ഉണ്ടായ നഷ്ടത്തുകയായ 1,13,220/- രൂപയിൽ സെക്രട്ടറിയുടെ ബാധ്യതയായ 14,152.50/-(പതിനാലായിരത്തി നൂറ്റി അൻപത്തി രണ്ട് രൂപ അൻപത് പൈസ) ശ്രീ. പി. ഇബ്രാഹിമിൽ നിന്നും ഈടാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കു നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. പി. ഇബ്രാഹിം, മുൻ സെക്രട്ടറി, കോട്ടത്തറ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ. തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം. വിജി-ഡി2/294/2017-വിജി. തീയതി 03.02.2018 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/300/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ